## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *120 — 05.03.2020-ൽ മറുപടിയ്ക്ക്

### പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ.മുരളി<br>,,റ്റി.വി.രാജേഷ്<br>,, യു.ആർ.പ്രദീപ്<br>,,സജി ചെറിയാൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ & പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും പ്രവൃത്തികൾ നടക്കുമ്പോൾത്തന്നെ ലാബ് ടെസ്റ്റുകൾ ഉൾപ്പെടെ നടത്തുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ<br>(ബി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരം , കോഴിക്കോട്, എറണാകുളം ജില്ലകളിൽ റീജിയണൽ ലാബുകളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലാബുകൾക്ക് ആവശ്യമായ പരിശോധന ഉപകരണങ്ങളുടെ 75% ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എല്ലാ ലാബിലേക്കും സൈറ്റിലേയ്ക്ക് പോകുന്നതിനും സാമ്പിൾ ശേഖരിക്കുന്നതിനും ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രവൃത്തികൾ എഗ്രിമെന്റ് ആകുമ്പോൾ തന്നെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനെ |

അറിയിക്കുന്നതിനും concrete Bitumen work തുടങ്ങിയ പ്രധാന പ്രവൃത്തികൾ നടക്കുമ്പോൾ അവ മുൻകൂട്ടി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനെ അറിയിക്കുന്നതിനും എക്സിക്യൂഷൻ വിഭാഗത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സിക്യൂഷൻ വിഭാഗം അറിയിക്കുന്നതനുസരിച്ച് സൈറ്റിൽ പോയി ഫീൽഡിൽ വച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽ വച്ച് നടത്തുകയും ലാബ് ടെസ്റ്റുകൾ ആവശ്യമുള്ളവ സാമ്പിൾ ശേഖരിച്ച് ലാബിൽ കൊണ്ടു പോയി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നുമുണ്ട്. പി.ഡബ്ല്യൂ.ഡി യിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം random ആയിട്ടാണ് പരിശോധനകൾ നടത്തുന്നത്.

**(സി)** പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ക്വാളിറ്റി മാന്വൽ, ലബോറട്ടറി മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കോൺട്രാക്ടർമാർക്കും എക്സിക്യൂഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ആധുനിക പരിശോധന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലാബുകളിലെ ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാനുവൽ പ്രകാരം തൃപ്തികരമല്ലാത്ത പരിശോധനാഫലങ്ങൾ പി. ഡബ്ല്യൂ.ഡി വിജിലൻസ് വിഭാഗത്തിനെയും

അതാത് എക്സിക്യൂഷൻ വിഭാഗത്തിനെയും അറിയിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള 2nd tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ രണ്ടു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാന്റേർഡ് ബിഡ്ഡിങ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ